(സി) 12,161

(ഡി) ഉണ്ട്.

(ഇ) സ്വീകാര്യമായ എല്ലാ അപേക്ഷകളും ഈ വർഷം പരിഗണിക്കുന്നതാണ്.

തൊണ്ടു സംഭരണം

* 129 [172 ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, ടി.കെ ആറുമുഖൻ:
,, സി.പി. മൂസ്സാൻകുട്ടി:
,, വർക്കല രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നതിന് ഒരു വർഷം എത്ര കോടി തൊണ്ട് വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര;

(സി) 1982–83, 1983–84, 1984–85 എന്നീ വർഷങ്ങളിൽ എത്ര കോടി തൊണ്ട് വീതം സംഭരിച്ചു;

(ഡി) കേരളത്തിലെ തൊണ്ടിന്റെ വലിയൊരുഭാഗം മറ്റു സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടുപോകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതു തടയുന്നതിന് എന്തു നടപടി സ്വീകരിച്ചു;

(എഫ്) ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ജി) തൊണ്ടു സംഭരണത്തിന് സംസ്ഥാനത്തുള്ള പ്രതിസന്ധി പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ & ബി) റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നോംസ് അനുസരിച്ച് ഏകദേശം 90 കോടി തൊണ്ട് വേണ്ടിവരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

(സി) 1982–83–ൽ 17.86 കോടി തൊണ്ടും, 1983–84–ൽ 11.40 കോടി തൊണ്ടും, 1984–85–ൽ 1.82 കോടി തൊണ്ടിന് തുല്യമായ ചകിരിയടക്കം 18.49 കോട് തൊണ്ടും സംഭരിച്ചിട്ടുണ്ട്.

(ഡി) തൊണ്ട് അയൽ സംസ്ഥാനങ്ങളിലേക്ക് ചെറിയ തോതിൽ കടത്തിക്കൊണ്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) തൊണ്ട് കടത്തിക്കൊണ്ടുപോകുന്നത് തടയുവാൻ നിലവിലുള്ള ചെക്കു പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകിച്ചും തമിഴ്നാടിനു സമീപമുള്ള പൊഴിയൂർ ചെക്കു പോസ്റ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള പോലീസിന്റെ എണ്ണം കൂട്ടിയിട്ടുണ്ട്.

(എഫ്) ഇതുസംബന്ധിച്ച് ഇതുവരെയായി 3 (മൂന്ന്) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ജി) പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ അവ പഠിച്ച് വേണ്ട നടപടികൾ അപ്പോഴപ്പോൾതന്നെ സ്വീകരിക്കാറുണ്ട്. നിലവിലുള്ള തൊണ്ടു നിയന്ത്രണ ഉത്തരവിനു പകരമായി കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ലെവി സമ്പ്രദായം പരീക്ഷിച്ചുനോക്കുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

കെ.എസ്.ആർ.ടി.സി. യുടെ ആവശ്യത്തിനുള്ള ടയറുകളും ട്യൂബുകളും

* 130 [173] ശ്രീ. ജി. വരദൻ:
,, കെ. മൂസ്സക്കുട്ടി:
,, കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ ആവശ്യത്തിനുള്ള ടയറുകളും ട്യൂബുകളും സപ്ലൈ ചെയ്യുന്നത് ആരെല്ലാമാണ്;

(ബി) 1984–85 സാമ്പത്തികവർഷത്തിൽ കെ.എസ്.ആർ.ടി.സി. എത്ര ടയറുകൾ വാങ്ങി;

(സി) 1985–86 ൽ ഇതുവരെ എത്ര ടയറുകൾ വാങ്ങി ; മൊത്തം എന്തുവിലയ്ക്ക്;

(ഡി) ടയറുകൾ വാങ്ങിയ ഇനത്തിൽ കൊടുത്തു തീർക്കാനുള്ള സംഖ്യ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഇ) ഇപ്പോൾ കെ.എസ്.ആർ.ടി.സി. യുടെ പക്കൽ എത്ര പുതിയ ടയറുകൾ സ്റ്റോറാക്കുണ്ട്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) പ്രീമിയർ, അപ്പോളോ, ഡൻലപ്പ് എം.ആർ.എഫ്., മേജിസ്റ്റർ, ഗുഡ് ഇയർ എന്നീ ടയർ കമ്പനികളാണ് പ്രധാനമായും ടയറുകളും ട്യൂബുകളും സപ്ലൈ ചെയ്യുന്നത്.

(ബി) 22240 ടയറുകൾ.

(സി) 8568 ടയറുകൾ 2 കോടി 90 ലക്ഷം രൂപയ്ക്കാണ്.

(ഡി) ഉണ്ട്. 144 ലക്ഷം രൂപ

(ഇ) പുതിയ ടയറുകളൊന്നും സ്റ്റോറാക്കില്ല.

ദേശസാൽക്കരിച്ച റൂട്ടുകളിലും ഹ്രസ്വദൂര റൂട്ടുകളിലും സ്വകാര്യ ബസ്സുകൾ സർവ്വീസുകൾക്ക് പെർമിറ്റ്

*131 [174] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. വി.കെ. രാജൻ:
,, സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ സർവ്വീസുകളെല്ലാം നടത്തുന്നതിനു വേണ്ടത്ര ബസ്സുകൾ കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly